സംസ്ഥാന എനർജി മാനേജ്മെന്റ് സെന്റർ വൈദ്യുതോല്പാദനം ലക്ഷ്യമാക്കി നഗര മാലിന്യങ്ങൾ, കശുവണ്ടിത്തോട്, ഉമി ഇവ ഉപയോഗിക്കുന്നത് സംബന്ധിച്ച പഠനം ഇപ്പോൾ നടത്തി വരുന്നു.

(സി) ഇല്ല.

(ഡി&ഇ) ബാധകമല്ല.

(എഫ്) ലഭ്യമാണ്.

(ജി) ഇതിന്റെ സാങ്കേതിക-സാമ്പത്തിക ബാദ്ധ്യതകൾ എനർജി മാനേജ്മെന്റ് സെന്ററിലൂടെ വിലയിരുത്തി വരികയാണ്.

സംസ്ഥാനത്തെ യുവജനക്ഷേമ പ്രവർത്തനങ്ങൾ

28(*208) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം അനിവാര്യമായിട്ടുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ യുവജന പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) യുവജന പ്രവർത്തനങ്ങളിൽ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ യുവജനക്ഷേമ പ്രവർത്തനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നടപ്പാക്കി വരുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്താനും അതിനനുസരിച്ചുള്ള മാറ്റങ്ങൾ സംസ്ഥാനത്തെ പ്രവർത്തനങ്ങളിൽ ആവിഷ്ക്കരിക്കാനും നിയമസഭാംഗങ്ങൾ ഉൾപ്പെടെ യുവജനനേതാക്കളുടെ സമിതിയെ നിയമിക്കുകയുണ്ടായോ ;

(എഫ്) എങ്കിൽ പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ സമിതിയുടെ പഠനറിപ്പോർട്ട് സർക്കാരിന് ലഭിച്ചുവോ ;

(എച്ച്) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) ഇപ്പോൾ നടപ്പാക്കുന്ന യുവജനക്ഷേമ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കാൻ എം.എൽ.എ. മാർ ഉൾപ്പെട്ട ഒരു പതിനഞ്ചംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതി, കർണ്ണാടകം, ആന്ധ്രാപ്രദേശ്, പശ്ചിമബംഗാൾ, ഡൽഹി എന്നീ സംസ്ഥാനങ്ങൾ സന്ദർശിച്ച് അവിടങ്ങളിലെ യുവജനക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച് പഠനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഇ) ഉണ്ട്. ആറ് നിയമസഭാംഗങ്ങൾ ഉൾപ്പെട്ടതാണ് വിദഗ്ധ സമിതി.

(എഫ്) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ജി&എച്ച്) ലഭിച്ചിട്ടില്ല.

പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം

29(*209) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ പ്രവർത്തനം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനുപരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രീമെട്രിക് ഹോസ്റ്റലുകളിലെ ക്യാന്റീനുകളിൽ ശുചിത്വം ഇല്ലായ്മമൂലം ക്യാന്റീനുകളിലെ ഭക്ഷണം കഴിച്ച് വിദ്യാർത്ഥികൾ അവശ നിലയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

+ അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly